**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4182** **18-03-2025 - ൽ മറുപടിക്ക്**

**വായ്പകൾക്ക് കേന്ദ്ര സർക്കാർ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിക്കും ക്ഷേമപെൻഷൻ നൽകുന്നതിനും എടുക്കുന്ന വായ്പയ്ക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം ഗൗരവത്തിലെടുത്തിട്ടുണ്ടോ; ഇതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL തുടങ്ങിയവ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing – ആയി കണക്കാക്കി 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്ന് കേന്ദ്ര സർക്കാർ കുറച്ചു വരികയാണ്. വികസനോന്മുഖമായ ആവശ്യങ്ങൾക്ക് വേണ്ടിയാണ് സംസ്ഥാനം കടമെടുക്കുന്നത്. സംസ്ഥാനത്തിന്റെ അർഹമായ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തുന്നത് ഇതിനോടകം തന്നെ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പൂർത്തീകരണത്തെ പോലും പ്രതികൂലമായി ബാധിക്കും. ഇക്കാര്യങ്ങൾ ഉന്നയിച്ചു കൊണ്ട് കേന്ദ്ര സർക്കാരിന്റെ നിലപാടിൽ മാറ്റംവരുത്തണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് കത്തുകൾ മുഖേനയും നിവേദനങ്ങൾ മുഖേനയും അഭ്യർത്ഥിച്ചിരുന്നെങ്കിലും പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ നാളിതുവരെയും മാറ്റം വരുത്തിയിട്ടില്ല.<br><br>സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബെഞ്ചിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നടപടികളുടെ ഫലം എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ? | (ബി) | സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL തുടങ്ങിയവ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing – ആയി കണക്കാക്കി 2022-23 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിന്ന് കേന്ദ്ര സർക്കാർ കുറച്ചു വരികയാണ്. വികസനോന്മുഖമായ ആവശ്യങ്ങൾക്ക് വേണ്ടിയാണ് സംസ്ഥാനം കടമെടുക്കുന്നത്. സംസ്ഥാനത്തിന്റെ അർഹമായ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തുന്നത് ഇതിനോടകം തന്നെ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പൂർത്തീകരണത്തെ പോലും പ്രതികൂലമായി ബാധിക്കും. ഇക്കാര്യങ്ങൾ ഉന്നയിച്ച് കൊണ്ട് കേന്ദ്ര സർക്കാരിന്റെ നിലപാടിൽ മാറ്റംവരുത്തണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് കത്തുകൾ മുഖേനയും നിവേദനങ്ങൾ മുഖേനയും അഭ്യർത്ഥിച്ചിരുന്നെങ്കിലും പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ നാളിതുവരെയും മാറ്റം വരുത്തിയിട്ടില്ല.<br><br>സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ